ജി.എൽ.പി.എസ്.മാതമംഗലം

സ്കൂൾ തല

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

2025

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതു വിദ്യാലയങ്ങളെ ഉന്നനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

* പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക.
* എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
* ഭാഷാ പഠനത്തിൽ പ്രത്യേക പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകി എഴുത്തും വായനയും ഉറപ്പിക്കുക.
* ഇംഗ്ലീഷ് പഠനത്തിൽ സ്പോക്കൺ ഇംഗ്ലീഷിന് പ്രാധാന്യം നൽകി communication skill വർധിപ്പിക്കുക.
* കലാ-കായിക പ്രവൃത്തി പരിചയ രംഗത്ത് പരിശീലനം നൽകി പ്രതിഭകളെ വളർത്തിയെടുക്കുക.
* കുട്ടികളുടെ വായനാശീലം, രചനാശീലം എന്നിവ പരിപോഷിപ്പിക്കുക.
* ഗണിതപഠനം ആസ്വാദ്യകരമാക്കുക.
* ഹരിത വിദ്യാലയ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക

2025.07

# ഉള്ളടക്കം


1. അക്ഷരക്കൂട്ടം
2. ഈസി ഇംഗ്ലീഷ്
3. സാക്ഷരം
4. ഗണിതം മധുരം
5. ഹരിത വിദ്യാലയം
6. കല-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം.


2025.0

# അക്ഷരക്കൂട്ടം

പ്രവർത്തന ലക്ഷ്യങ്ങൾ:

* കഥാവായന, കവിത വായന, പത്രവായന തുടങ്ങിയവ പ്രോത്സാഹിപ്പിച്ച് കുട്ടികളെ മികച്ച വായനക്കാരാക്കുന്നതിന്.

* ആശയഗ്രഹണ വായന പ്രോത്സാഹിപ്പിക്കുന്നതിന്
* കുട്ടികളുടെ രചനാശേഷി വർധിപ്പിക്കുന്നതിന്
* സർഗാത്മക ചിന്തയെ പരിപോഷിപ്പിക്കുന്നതിന്
* കഥകൾ, കവിതകൾ തുടങ്ങിയവ വായിച്ചാസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിനും.
* ഭാഷാപഠനത്തിൽ എല്ലാ കുട്ടികൾക്കും സമഗ്രഗുണമേന്മ ഉറപ്പാക്കുന്നതിന്.

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| • എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| • ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്ന് ലഭ്യമാക്കുന്നു, വായനക്കോർണർ ഒരുക്കുന്നു. | " | സ്കൂൾ ലൈബ്രറി കമ്മിറ്റി<br>ക്ലാസ് ടീച്ചർ. |

2025.07.1

| | | |
|---|---|---|
| • എല്ലാ ദിവസവും രാവിലെ പത്രത്തിലെ പ്രധാനപ്പെട്ട ഓരോ വാർത്തകൾ രണ്ടോ മൂന്നോ കുട്ടികൾ ക്ലാസിൽ ഉറക്കെ വായിച്ചുകേൾപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| • വായിച്ച പുസ്തകങ്ങളുടെ വായന കുറിപ്പ് തയ്യാറാക്കൽ, അവയുടെ അവലോകനവും പുസ്തകചർച്ചകളും നടത്തൽ | " | " |
| • ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്കായി ചിത്രവായന സംഘടിപ്പിക്കൽ. ചെറിയ കുട്ടികൾക്കായി രക്ഷിതാക്കളുടെ സഹായത്താൽ വായന സാമഗ്രികൾ തയ്യാറാക്കൽ, അമ്മ വായന എന്നിവ നടത്തൽ. | " | " |
| • സ്കൂൾ അസംബ്ലിയിൽ വെച്ചും ക്ലാസിൽ വെച്ചും കുട്ടികൾ പുസ്തക പരിചയം, വായനാനുഭവം പങ്കുവയ്ക്കൽ എന്നിവ നടത്തുന്നു. | " | SRG |
| • സർഗാത്മക ഡയറി: കുട്ടികളുടെ സർഗാത്മക ചിന്ത വളർത്തുന്നതിനും സർഗാത്മക രചന ശേഷി വർധിപ്പിക്കുന്നതിനുമായി കുട്ടികൾ വ്യത്യസ്തങ്ങളായ കാഴ്ചകൾ, അനുഭവങ്ങൾ തുടങ്ങിയവ സർഗാത്മക | | |

| | | |
|---|---|---|
| ഡയറിക്കുറിപ്പുകളായി ആഴ്ച്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ എഴുതി തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ |
| • രചന ക്യാമ്പുകൾ<br>കഥാരചന, കവിത രചന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്-സെപ്തംബർ to നവംബർ | SRG<br>SMC |
| • മധുരവാണി:<br>ഓരോ ആഴ്ചയിലെയും വിദ്യാലയ വാർത്തകൾ ഉൾപ്പെടുത്തി സ്കൂൾ പത്രം തയ്യാറാക്കുന്നു. ഓരോ ക്ലാസിനും ഇതിന്റെ ചുമതല മാറി മാറി നൽകുന്നു. | ജൂലൈ മുതൽ | SRG |
| • കൈയെഴുത്തു മാസിക:<br>കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി കൈയെഴുത്തു മാസിക തയ്യാറാക്കൽ | ജൂലൈ മുതൽ | വിദ്യാരംഗം |
| • പുസ്തക പ്രസിദ്ധീകരണം:<br>കുട്ടികളുടെ മികച്ച രചനകൾ ഉൾപ്പെടുത്തി പുസ്തക പ്രസിദ്ധീകരണം. | | |

2025.07.1

# EASY ENGLISH

* To use English for communication.
* To listen, speak, read and write English
* easily.
* To improve the creative writing skills
* To improve the handwriting.

| Activities | Time. |
| --- | --- |
| <u>English Reading, Listening</u><br>Reading picture, story reading, library books reading. Reading news paper, book review, watching English films, documentaries etc. | June to March. |
| <u>English Listening & speaking</u><br>- skit<br>- Describing scene<br>- conversation<br>- Roll play<br>- English news watching<br>- Dramatisation of English lessons. | August- March |

| | |
|---|---|
| - A day for English.<br>- Group discussions.<br>- English speech.<br><br>**Writing**<br><br>- Cursive writing<br>- picture description<br>- News writing.<br>- Making magazines.<br>- Story writing.<br>- Making riddles.<br>- Letter writing. | July-<br>March. |
| **Communicative English**<br><br>Practicing English as communicative language.<br><br>- Would you / could you.<br>- Question words<br>- If you don't mind<br>- Would you please.<br>- May I<br>- Shall we<br>- Do you want anything<br>- Subject + Please. | June-<br>Marto |

2025.07

- Would you / could you please -
- How much is.

## Imperative sentences

Come in
come out -
come back soon
come fast
Get in
Get out
Look up
Look down
Try get again

## Permission

You may go.
You can.
Yes or No questions.

July - March.

2025.07.

## മേഖല - പഠനപിന്നോക്കാവസ്ഥ - പിന്നോക്ക ക്ലാസ്.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്, ചുമതല. |
| --- | --- | --- | --- |
| * എഴുത്ത്, വായന എന്നീ അടിസ്ഥാനശേഷികൾ എല്ലാവരിലും ഉറപ്പിക്കുക. | * അക്ഷരം, പദം, വാക്യങ്ങൾ വായിക്കൽ, എഴുതൽ<br>* പദനിർമ്മാണം<br>* വാക്യനിർമ്മാണം.<br>* തുടർപ്രവർത്തനങ്ങൾ.<br>* ആശയം വരയ്ക്കാം. | * ഓരോ ക്ലാസിലും വേണ്ട പ്രവർത്തനമൊഡ്യൂൾ തയ്യാറാക്കുന്നു.<br>* ക്ലാസ് സമയം നിശ്ചയിക്കുന്നു.<br>* വ്യത്യസ്തമായ വായന, എഴുത്ത് പ്രവർത്തനങ്ങൾ.<br>* ചെറുകഥകൾ, കവിതകൾ, അടിക്കുറിപ്പ് തയ്യാറാക്കൽ, ചിഹ്നം ചേർക്കൽ.<br>* ഓരോ ടേമിലും വിലയിരുത്തൽ.<br>* തുടർപ്രവർത്തനങ്ങൾ നൽകുന്നു.<br>* ആശയം പറയിപ്പിക്കുന്നു.<br>* ചിത്രത്തിൽ എന്തെല്ലാം കണ്ടെത്തുന്നു.<br>* വായനാക്കാർഡ് നൽകുന്നു. | * ജൂലായ് - സെപ്തംബർ.<br>* 2, 3, 4 ക്ലാസ് അധ്യാപകർ. |

| | | | |
|---|---|---|---|
| * അക്ഷരസ്ഫുടതയോടെയും ആശയവ്യക്തതയോടെയും ഉള്ള വായന. | * ചിത്രത്തിൽ എന്തെല്ലാം.<br><br>* പാടാം എഴുതാം.<br><br>* ഈണം കണ്ടെത്താം.<br><br>* വരികൾ കൂട്ടിച്ചേർക്കാം.<br><br>* തുടർ പ്രവർത്തനം. | * കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു.<br><br>* കൂട്ടുകാർക്ക് മുന്നിൽ ഉച്ചത്തിൽ വായന.<br><br>* ചിത്രത്തിൽ എന്തെല്ലാം? വിവരണം തയാറാക്കൽ.<br><br>* വിവരണം മെച്ചപ്പെടുത്തൽ.<br><br>* കവിത ഈണത്തിൽ ചൊല്ലാൻ അവസരം.<br><br>* കവിതയ്ക്ക് വരികൾ കൂട്ടിച്ചേർക്കാനുള്ള അവസരം.<br><br>* ഓരോ കുട്ടിയെയും വിലയിരുത്തൽ.<br><br>* ആവശ്യാനുസരണം പ്രവർത്തന തുടർച്ച. | ഒക്ടോബർ - മാർച്ച്<br><br>ക്ലാസ് അധ്യാപകർ. |

2025.07.14

## മേഖല - ഗണിതം മധുരം.

| പ്രതീക്ഷിത നേട്ടം. | പ്രവർത്തനം. | പ്രവർത്തന വിശദീകരണം. | കാലയളവ്/ ചുമതല. |
|---|---|---|---|
| *ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമാക്കൽ.<br>*അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.<br>*ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | *ഗണിതലാബ്<br>*ഗണിത മാഗസിൻ<br>*ഗണിത ക്വിസ്.<br>*ഗണിത മേള. | *സ്കൂളിൽ ലഭ്യമായതും ഇനി ആവശ്യം വേണ്ടതുമായ ഗണിതപഠനോപകരണങ്ങൾ ശേഖരിച്ച് ഗണിതലാബ് ഒരുക്കൽ<br>*പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലും നിർമ്മിക്കപ്പെടുന്ന ഗണിതചിത്രങ്ങൾ, പാറ്റേണുകൾ, കുസൃതിക്കണക്കുകൾ, ജ്യാമിതീയ രൂപങ്ങൾ മുതലായവ ഉൾപ്പെടുത്തി ക്ലാസ്തല/സ്കൂൾ തല മാഗസിൻ തയാറാക്കൽ.<br>*എല്ലാ മാസവും ഗണിതക്വിസ്.<br>*ഗണിതപസിൽ, നമ്പർ ചാർട്ട്, ജ്യോമെട്രിക്കൽ ചാർട്ട്, സ്ട്രിൽ മേയർ തുടങ്ങിയവ കുട്ടികളെ പരിശീലിപ്പിക്കൽ. | *ആഗസ്റ്റ്-നവംബർ<br>*ക്ലാസ് ടീച്ചർ<br>*SRG. |

## മേഖല - ഹരിതവിദ്യാലയം ഒരുക്കൽ.

| പ്രതീക്ഷിത നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്/ ചുമതല |
|---|---|---|---|
| * മാലിന്യമുക്ത ഹരിതവിദ്യാലയം ഒരുക്കുക. | * പൂന്തോട്ടം<br>* പച്ചക്കറിത്തോട്ടം<br>* മാലിന്യസംസ്കരണം.<br>* ശുചിത്വം ഉറപ്പാക്കൽ<br>* ഹരിതസേന രൂപീകരണം. | * ജൂൺ 5 പരിസ്ഥിതിദിനത്തിൽ പൂന്തോട്ടനിർമ്മാണത്തിന് തുടക്കം.<br>* ചെടികളും വൃക്ഷത്തൈകളും വച്ചു പിടിപ്പിക്കൽ, പരിപാലിക്കൽ<br>* MPTA യുടെ സഹകരണത്തോടെ സ്കൂൾ പരിസരത്ത് പച്ചക്കറിത്തോട്ടം ഒരുക്കൽ.<br>* മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കൽ.<br>* പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കൽ<br>* ഹരിതസേന രൂപീകരിച്ച് വിദ്യാലയ ശുചിത്വം ഉറപ്പാക്കുന്നു. | * ജൂലായ് - മാർച്ച്<br>* അധ്യാപകർ<br>* കുട്ടികൾ<br>* MPTA അംഗങ്ങൾ |

## മേഖല – കലാകായിക പ്രവൃത്തിപരിചയ മേഖലയിൽ നൈപുണ്യം നേടുക.

| പ്രതീക്ഷിത നേട്ടം. | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല. |
|---|---|---|
| * വിവിധ കലകൾ, പ്രവൃത്തി പരിചയം, കായിക വിദ്യാഭ്യാസം എന്നിവയിൽ മെച്ചപ്പെട്ട പരിശീലനം നൽകി പ്രതിഭകളെ വളർത്തിയെടുക്കുക. | * പ്രവൃത്തി പരിചയ ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>* സ്പെഷ്യലിസ്റ്റ് ടീച്ചറുടെ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ശില്പശാല നടത്തുന്നു.<br>* ഇതിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് കൂടുതൽ പരിശീലന ക്ലാസുകൾ നൽകുന്നു.<br>* കായികപരിശീലനം, കലാരംഗത്തുള്ള പരിശീലനം ഇവയും അനുയോജ്യമായ കാലയളവിൽ നൽകപ്പെടുന്നു.<br>* സർഗവേള, PT പീരീഡ് എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. | * ജൂലായ് – ആഗസ്റ്റ്<br>– SRG<br>* ഒക്ടോബർ<br>– ചുമതലയുള്ള അധ്യാപകർ. |

GOVT. L.P. SCHOOL (P.O.) M.M. BAZAR KANNUR DIST. 670306 Date:........ MATHAMANGALAM

Sreekumar
SREEKUMAR P
PEN 254630
HEADMASTER
GOVT. L.P. SCHOOL
MATHAMANGALAM

2025.07.28